പതിനാലാം കേരളനിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*553. 21/11/2019 ലെ മറുപടി

## സ്കൂളുകളിലെ വിദ്യാർത്ഥി യൂണിയൻ പ്രവർത്തനത്തിനായി നിയമനിർമ്മാണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ<br>,, കെ.എം.ഷാജി<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.പി.ഉബൈദുള്ള | | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്കൂളുകളിൽ വിദ്യാർത്ഥി യൂണിയൻ പ്രവർത്തനത്തിന് സാധുത നൽകുന്നതിനുള്ള നിയമനിർമ്മാണത്തിന് സർക്കാർ തീരുമാനംഎടുത്തിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;<br><br>(ബി) പുതിയ സാഹചര്യം ദുരുപയോഗപ്പെടുത്താതിരിക്കുവാനും സമാധാന അന്തരീക്ഷം നിലനിർത്തുന്നതിനും എന്തെല്ലാം നിർദ്ദേശങ്ങളാണ് നിയമത്തിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (എ) യും (ബി) യും | സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥി യൂണിയനുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച് "2019-ലെ കേരള വിദ്യാർത്ഥി യൂണിയനുകളും വിദ്യാർത്ഥി പരാതി പരിഹാര അതോറിറ്റിയും ആക്ട്" എന്ന പേരിൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കിയ ഒരു ബില്ല് അവതരിപ്പിക്കുന്നതിന് മന്ത്രി സഭയുടെ അംഗീകാരത്തോട് കൂടി ബഹു: ഗവർണ്ണർ അനുമതി നല്കിയിട്ടുണ്ട്.<br>ഇത് സംബന്ധിച്ച ബിൽ കേരള നിയമസഭയുടെ മുൻപാകെ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ